എച്ച്6/22107/16

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, തീയതി 22.12.2020

## വെസ്റ്റ്ഹിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് താൽപര്യപത്രം ക്ഷണിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ

### നിബന്ധനകൾ

1. കോഴിക്കോട് നഗരസഭയുടെ വെസ്റ്റ്ഹില്ലിൽ സ്ഥിതിചെയ്യുന്ന നിലവിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് ടെണ്ടർ അംഗീകരിക്കുന്ന തീയതി മുതൽ അടുത്ത 3 വർഷത്തേക്ക് ഏറ്റെടുത്തു പ്രവർത്തിപ്പിക്കേണ്ടതാണ്.

2. 220 $m^2$ വിസ്തൃതിയുള്ള പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റും തൊട്ടടുത്തുള്ള ഷെഡും കരാറുകാരന് കരാർ കാലയളവിൽ ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

3. നിലവിൽ പ്ലാന്റിലുള്ള മെഷിനറികൾ കരാറുകാരന് അഡീഷണൽ മെഷിനറി സ്ഥാപിക്കാവുന്നതാണ്.

4. നഗരത്തിൽ ഉണ്ടാകുന്ന മുഴുവൻ അജൈവമാലിന്യങ്ങളുംസംസ്കരണത്തിനായി നഗരസഭ നേരിട്ടോ ഏജൻസികൾ / റസിഡൻസ് അസോസിയേഷനുകൾ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയത് മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണ്.

5. ഫാക്ടറി ബിൽഡിംഗിനടുത്ത് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വെയിംഗ് മെഷീൻ കരാറുകാരന് പ്രവർത്തിപ്പിക്കാവുന്നതാണ്. നഗരസഭയ്ക്കും ടി വെയിംഗ് മേഷീൻ ഉപയോഗിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

6. പ്ലാന്റിനും ചുറ്റും നിലവിലുള്ള മുഴുവൻ റിജക്ട്സും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന മുഴുവൻ റിജക്ടസും കരാറുകാരൻ സ്വന്തം ചെലവിൽ സ്വന്തം വാഹനവും സ്വന്തം ജീവനക്കാരെയും ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്. റിജക്ട്സ് ഒരു കാരണവശാലും കുന്നുകൂടി ഇടാൻ പാടുള്ളതല്ല.

7. താൽപര്യമുള്ള കരാറുകാർക്ക് നഗരസഭ ഓഫീസിൽ നിന്നും നേരിട്ടും നഗരസഭ വെബ്സൈസറ്റിൽ നിന്നും വിവരം ലഭിക്കുന്നതാണ്.

8. കരാറുകാരൻ ആവശ്യമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും ഡ്രെയിനേജ് സംവിധാനവും സ്ഥാപിക്കേണ്ടതാണ്.

9. മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ പാടുള്ളൂ.

10. ആവശ്യമായ നിയമപരമായ അനുമതികൾ, ലൈസൻസ്, നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മുതലായവ കരാറുകാരൻ സ്വന്തം ചെലവിൽ കരസ്ഥപ്പെടുത്തേണ്ടതാണ്.

11. ഇലക്ട്രിസിറ്റി ചാർജ്, ജലം സീവേജ് എന്നിവയക്ക് ചെലവാകുന്ന തുകയും കരാറുകാരൻ അടവാക്കേണ്ടതാണ്.

Scanned by CamScanner

12. കരാറുകാരന് ഏറ്റവും ചുരുങ്ങിയത് ഈ മേഖലയിൽ 3 വർഷത്തെയെങ്കിലും പരിചയം വേണം. പരിചയം തെളിയിക്കുന്ന രേഖകൾ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.

13. ടെണ്ടർ ലഭിക്കുന്ന മുറയ്ക്ക് കരാറുകാരൻ നഗരസഭയുമായി ഒരു ഉടമ്പടി ഒപ്പു വെക്കേണ്ടതാണ്.

14. താൽപര്യപത്രത്തോടൊപ്പം അപേക്ഷ ഫീസായി നഗരസഭ സെക്രട്ടറിയുടെ പേരിൽ കോഴിക്കോട് മാറാവുന്ന 5000/- രൂപയുടെ ഡി.ഡി ഹാജരാക്കേണ്ടതാണ്. ഈ തുക തിരികെ നൽകുന്നതല്ല.

15. താൽപര്യപത്രം സ്വീകരിക്കാനും നിരസിക്കാനും കൗൺസിലിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. താൽപര്യപത്രത്തോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി വേക്കേണ്ടതാണ്. താൽപര്യപത്രം അംഗീകരിക്കുന്ന മുറയ്ക്ക് കരാർ ഉടമ്പടിയുടെ 5 % തുക നഗരസഭ സെക്രട്ടറിക്ക് മാറാവുന്ന ഡി.ഡി/ദേശീയസമ്പാദ്യപദ്ധതി സർട്ടിഫിക്കറ്റ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഹാജരാക്കേണ്ടതാണ്.

17. പ്ലാന്റിൽ നിലവിലുള്ള പ്ലാസ്റ്റിക് ഷെഡ്രിംഗ് സെന്ററിലെ മെഷിനറികൾ നിലവിലെ അവസ്ഥയിൽ ഏറ്റെടുക്കേണ്ടതാണ്.

18. കൗൺസിൽ തീരുമാനത്തിന് വിധേയമായി കരാർ ദീർഘപ്പിക്കുന്നതിനോ വെട്ടി ചുരുക്കുന്നതിനോ ഉള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്.

19. കരാർ കാലാവധിക്ക് മുമ്പാകെ കരാറുകാരൻ ഏകപക്ഷീയമായി കരാർ അവസാനിപ്പിക്കുകയാണെങ്കിൽ നഗരസഭക്ക് നഷ്ടപരിഹാരം നൽകുവാൻ കരാറുകാരന ബാധ്യസ്ഥനാകുന്നതാണ്.

20. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭയോ, സർക്കാരോ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായി കരാറിൽ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.

21. ഏറ്റവും കൂടുതൽ തുക നഗരസഭക്ക് ഓഫർ ചെയ്യുന്ന ക്വട്ടേഷൻ മുകളിൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതാണ്.

22. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ/നഗരസഭയുടെ അനുമതി ഇല്ലാതെ സ്വകാര്യ വ്യക്തികൾ കൊണ്ട് വരുന്ന അജൈവമാലിന്യങ്ങൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നഗരസഭയുടെ അനുമതി ഉള്ളപക്ഷം ആയത് സ്വീകരിക്കാവുന്നതാണ്. ആയതിന് നഗരസഭക്ക് ഫീസ് ഈടാക്കാവുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ



Scanned by CamScanner

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, തിയ്യതി: 23.12.2020

എച്ച്6/22107/2016

## താൽപര്യപത്രം ക്ഷണിക്കുന്നു

കോഴിക്കോട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹില്ലിലെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യുണിറ്റ് വാടകയക്ക് ഏറ്റെടുത്തു നടത്തുന്നതിന് കുറഞ്ഞത് 3 വർഷം പ്രവർത്തനപരിചയമുള്ള സ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലെടുത്ത 5000/- രൂപയുടെ ഡി.ഡി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി 06.01.2021 4 മണി. കൂടുതൽ വിവരങ്ങൾക്ക് ഹെൽത്ത് വിഭാഗത്തിലും www.kozhikodecorporation.lsgkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

**ഹെൽത്ത് ഓഫീസർ**
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ജി.എം.23.12

Scanned by CamScanner